## പരാതിക്കാരിക്കെതിരെ ശിക്ഷാ നടപടി ശിപാർശ ചെയ്യാൻ ആഭ്യന്തര പരാതിക്കമ്മിറ്റിക്ക് അധികാരമില്ല

### ഡൽഹി ഹൈക്കോടതി

W.P. (C) No. 3249/2017 Dt. 16.12.2020

ബിഭ പാണ്ഡെ

x

പഞ്ചാബ് നാഷണൽ ബേങ്ക്

ബേങ്കിലെ ജീവനക്കാരി തൊഴിൽ സ്ഥലത്തെ ലൈംഗികപീഡനമാരോപിച്ച് ജനറർ മേനേജർക്കെതിരെ പരാതി നല്കി. മേനേജ്മെന്റ് ആ പരാതി ആഭ്യന്തര പരാതിക്കമ്മിറ്റിക്ക് കൈമാറി. അന്വേഷണം നടത്തിയ പരാതിക്കമ്മിറ്റി പരാതിയിൽ കഴമ്പില്ലെന്നു കണ്ട് തള്ളിക്കളയുക മാത്രമല്ല, പരാതിക്കാരിക്കും കുറ്റാരോപിതനുമെതിരെ അച്ചടക്ക നടപടി കൈക്കൊള്ളണമെന്ന് ശിപാർശ ചെയ്യുകയും ചെയ്തു. പരാതിക്കാരിയും കുറ്റാരോപിതനും പരസ്പര സമ്മതത്തോടെ ലൈംഗിക പ്രവൃത്തിയിലേർപ്പെട്ടത് ബേങ്കിലെ ജീവനക്കാരുടെ അന്തസ്സിനു യോജിച്ചതല്ലെന്ന നിഗമനത്തിലാണ് മേൽപറഞ്ഞ ശിപാർശ ആഭ്യന്തര പരാതിക്കമ്മിറ്റി മുന്നോട്ടുവച്ചത്. പ്രസ്തുത ശിപാർശയുടെ വെളിച്ചത്തിൽ മേനേജ്മെന്റ് പരാതിക്കാരിക്ക് കുറ്റപത്രം നല്കുകയും അവരുടെ സ്ഥാനക്കയറ്റം തടയുകയും ചെയ്തു. ഇതിനെതിരെ പരാതിക്കാരി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. തന്റെ പരാതി ആഭ്യന്തര പരാതിക്കമ്മിറ്റി തള്ളിക്കളഞ്ഞതു തന്നെ അന്യായമാണെന്നും അതിലുപരി തനിക്കെതിരെ അച്ചടക്ക നടപടി കൈക്കൊള്ളണമെന്ന് ശിപാർശ ചെയ്തത് തീർത്തും തെറ്റും നിയമവിരുദ്ധവുമാണെന്നും ചൂണ്ടിക്കാട്ടിയ പരാതിക്കാരി തന്റെ അർഹമായ സ്ഥാനക്കയറ്റം തടഞ്ഞതും തനിക്ക് കുറ്റപത്രം നല്കിയതും റദ്ദാക്കണമെന്നും ആവശ്യപ്പെട്ടു. ആഭ്യന്തര പരാതിക്കമ്മിറ്റി ശിപാർശ ചെയ്തതുകൊണ്ടാണ് പരാതിക്കാരിക്ക് കാരണം-കാണിക്കൽ നോട്ടീസും കുറ്റപത്രവും നല്കിയതെന്നും കുറ്റപത്രം നല്കപ്പെട്ട തൊഴിലാളിയുടെ സ്ഥാനക്കയറ്റം തടഞ്ഞുവയ്ക്കണമെന്ന് ബേങ്കിന്റെ നിയമാവലി അനുശാസിക്കുന്നുണ്ടെന്നും മേനേജ്മെന്റ് ബോധിപ്പിച്ചു. ആഭ്യന്തര പരാതിക്കമ്മിറ്റിക്ക്, പരാതി അന്വേഷിച്ച് കുറ്റാരോപിതൻ കുറ്റക്കാരനാണോ അല്ലയോ എന്ന് തീരുമാനിക്കാൻ മാത്രമേ അധികാരമുള്ളൂവെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. പരാതിയിൽ കഴമ്പില്ലെങ്കിൽ അത് തള്ളിക്കളയാമെന്നല്ലാതെ പരാതിക്കാരിക്കെതിരെ അച്ചടക്ക നടപടിയെടുക്കണമെന്ന് ശിപാർശ ചെയ്യാൻ ആഭ്യന്തര പരാതിക്കമ്മിറ്റിക്ക് അധികാരമില്ലെന്ന് ഹൈക്കോടതി ഓർമ്മിപ്പിച്ചു. ആഭ്യന്തര പരാതിക്കമ്മിറ്റി ധാർമ്മിക പോലീസായി ചമഞ്ഞത് ഇല്ലാത്ത അധികാരപ്രയോഗമാണെന്ന് വിലയിരുത്തിയ ഹൈക്കോടതി പരാതിക്കമ്മിറ്റിയുടെ ശിപാർശയും തുടർ നടപടികളും പരാതിക്കാരിക്ക് നല്കിയ കുറ്റപത്രവും റദ്ദാക്കുകയും ആഭ്യന്തര പരാതിക്കമ്മിറ്റിയുടെ ശിപാർശ അവഗണിച്ചുകൊണ്ട് അർഹമായ സ്ഥാനക്കയറ്റം പരാതിക്കാരിക്ക് നല്കണമെന്ന് മേനേജ്മെന്റിന് നിർദ്ദേശം നല്കുകയും ചെയ്തു.